മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യൂ.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : 0471-2724696
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

No.10/MGNSASK/Estt/2026 05.01.2026

## വാർത്താ കുറിപ്പ്

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സംസ്ഥാന സർക്കാർ രൂപം നൽകിയ സ്വതന്ത്ര സംവിധാനമാണ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള. വിവിധ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി 14 ജില്ലകളിലെ വിവിധ ബ്ലോക്കുകളിൽ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ നിലവിലുള്ള ഏതാനും ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ 30 ദിവസം നിണ്ടുനിൽക്കുന്ന റെസിഡൻഷ്യൽ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്. പരിശീലനകാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്. പ്രതിമാസം ഹോണറേറിയും മറ്റ് അലവൻസുകളും ഉൾപ്പടെ നിശ്ചയിച്ചിട്ടുള്ളത് നിലവിൽ 19,290/-രൂപയാണ്. ജില്ലാടിസ്ഥാനത്തിലാണ് നിയമനം നടക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർ ജില്ലയിലെ വിവിധ ബ്ലോക്കുകളിൽ പ്രവർത്തിക്കുന്നതിന് ബാദ്ധ്യസ്ഥരായിരിക്കും. ബ്ലോക്ക് റിസോഴ്സ് പേഴ്സൺ തസ്തികയിലേക്ക് അപേക്ഷിക്കുന്നതിനുള്ള മിനിമം യോഗ്യത ഏതെങ്കിലും വിഷയത്തിലുള്ള 55 ശതമാനം മാർക്കോടെയുള്ള ബിരുദാനന്തര ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ്. അപേക്ഷകർക്കുള്ള പ്രായപരിധി 2026 ജനുവരി 1-ന് 35 വയസ്സ് കഴിയാൻപാടില്ല. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അഞ്ച് വർഷത്തെ ഇളവ് ഉണ്ടായിരിക്കുന്നതാണ്. സാമൂഹ്യ -സന്നദ്ധ സേവന മേഖലയിലെ പരിചയം അഭികാമ്യ യോഗ്യതയാണ്.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ **2026 ജനുവരി 20-നകം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഗൂഗിൾ ലിങ്ക് വഴിയോ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ വെബ് സൈറ്റിൽ (www.socialaudit.kerala.gov.in) നൽകിയിട്ടുള്ള ഗൂഗിൾ ലിങ്ക് വഴിയോ ഓൺലൈൻ** ആയോ അപേക്ഷിക്കാവുന്നതാണ്.

**Link:** https://forms.gle/DZwrMVTZQZ9o3rg28

വിശ്വസ്തതയോടെ,

ഡോ.എൻ.രമാകാന്തൻ
ഡയറക്ടർ
സോഷ്യൽ ഓഡിറ്റ് യൂണിറ്റ് കേരള